**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2540** **04-03-2025 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെ പുരോഗമനത്തിനായുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും ആവശ്യമായ എല്ലാ നടപടികളും വ്യവസായവകുപ്പ് സ്വീകരിച്ചിട്ടുള്ളതാണ്. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭകരുടെ വിപണന പ്രോത്സാഹനത്തിന്റെ ഭാഗമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ വർഷം തോറും എല്ലാ ജില്ലകളിലും പ്രദർശന മേളകൾ സംഘടിപ്പിച്ചു വരുന്നു. ഉൽസവ സീസണുകളോടനുബന്ധിച്ചും മറ്റും സംഘടിപ്പിച്ചു വരുന്ന ഇത്തരം മേളകളിലൂടെ ധാരാളം സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനു സാധിക്കുന്നുണ്ട്. കൂടാതെ പൊതു വിതരണ ഉപഭോക്തൃ വകുപ്പും, വ്യവസായ വകുപ്പും തമ്മിലുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കെ-സ്റ്റോർ മുഖേന MSME ഉത്പന്നങ്ങൾവിതരണം ചെയ്യുന്നതിനുള്ള സഹായങ്ങൾ നൽകി വരുന്നുണ്ട്.<br><br>സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ONDC) യും തമ്മിലുള്ള ഒരു ധാരണാപത്രം (MOU) 2023 ജൂൺ 23-ൽ ഒപ്പുവച്ചിട്ടുണ്ട്. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾ ONDC പ്ലാറ്റ്ഫോമിൽ onboard ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലാ വ്യവസായകേന്ദ്രങ്ങൾ ONDC യുമായി ചേർന്ന് സ്വീകരിച്ചു വരുന്നു.<br><br>കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി |

| | | | |
|---|---|---|---|
| | | | ലഭ്യതയ്ക്കായി ഓൺലൈൻ വ്യാപാരത്തി നായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.com/ www.keralaemarket.org) രൂപീകരിച്ചിട്ടുണ്ട്. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും.<br><br>ഇപ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ദേശീയ - അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാര മേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും വ്യാവസായിക യൂണിറ്റുകളുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്തു വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്ന തിനുമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന വിവിധ വ്യാപാര മേളകൾ സംഘടിപ്പിക്കുകയും ദേശീയ-അന്തർദേശീയ തലങ്ങ ളിൽ നടക്കുന്ന വ്യാപാര മേളകളിൽ സൂക്ഷ്മ- ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാ നുള്ള അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനുമായി കേന്ദ്രീകൃത ഓൺ ലൈൻ പ്ലാറ്റ്ഫോമായ ബി 2 ബി ബിസിനസ്സ് പോർട്ടൽ പ്രവർത്തിച്ചു വരുന്നു. എല്ലാ വർഷവും ന്യൂഡൽഹിയിൽ വച്ചു നടക്കുന്ന ദേശീയ വ്യാപാര പ്രദർശന മേളയിൽ (IITF) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംരംഭങ്ങളെ പങ്കെടുപ്പിക്കുന്ന തിലൂടെ ദേശീയ, അന്തർ ദേശീയ വിപണികൾ ലഭ്യമാകുന്നതിനുള്ള അവസരവും സംരംഭങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. |
| (സി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ഉണ്ട്. കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.com/ www.keralaemarket.org) രൂപീകരിച്ചിട്ടുണ്ട്. ഈ |

| | | | |
|---|---|---|---|
| | | | വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും.<br><br>വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി BPT യുടെ നേതൃത്വത്തിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ "kshoppe.in” എന്ന പേരിൽ ആരംഭിച്ച ഇ-കൊമേഴ്സ് പോർട്ടൽ മുഖേന പൊതുമേഖലാ സ്ഥാപനങ്ങളുടെ 463 ഉൽപ്പന്നങ്ങളാണ് വിപണനം നടത്തി വരുന്നത്.<br><br>ഉപഭോക്താക്കൾക്ക് ഓൺലൈനിൽ ഉല്പന്നങ്ങൾ തിരയുന്നതിനും ഓർഡർ നൽകുന്നതിനും സൗകര്യപ്രദമായ വെബ് പ്ലാറ്റ്ഫോമിന് പുറമേ ആൻഡ്രോയിഡ് അടിസ്ഥാനമായ മൊബൈൽ ആപ്ലിക്കേഷനും കെൽട്രോൺ ലഭ്യമാക്കിയിട്ടുണ്ട്. രാജ്യത്തെ വിവിധയിടങ്ങളിൽ ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങൾ എത്തിച്ചു നൽകുന്നതിന് ഇന്ത്യ പോസ്റ്റിനെ ആണ് വിതരണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. വിവിധ ബാങ്ക്/യു.പി.ഐ Payment സ്വീകരിക്കാവുന്ന പഞ്ചാബ് നാഷണൽ ബാങ്ക് വഴിയാണ് Payment Gateway സംവിധാനം ഒരുക്കിയിരിക്കുന്നത്. ഉപഭോക്താക്കൾക്ക് ഓർഡർ/ ഡെലിവറി അപ്‌ഡേറ്റുകൾക്കായി SMS അറിയിപ്പുകൾ സജ്ജമാക്കിയിട്ടുണ്ട്.<br><br>ഇത് കൂടാതെ ഉത്പന്നങ്ങളുടെ വിപണനത്തിനായി Open Network for Digital Commerce (ONDC) മുഖേനയുള്ള ഇ-കൊമേഴ്സ് പോർട്ടലിന്റെ സേവനവും സ്ഥാപനങ്ങൾ ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ